## 23. സാഹിത്യത്തിനുള്ള നോബൽസമ്മാനം

'ആണ്ടുതോറുമുള്ള ഒരു ചടങ്ങാണ് അത്. ഒക്ടോബറിൽ ഒരു വ്യാഴാഴ്ച, ഉച്ചയ്ക്ക് കൃത്യം ഒരുമണിക്ക്, സ്വീഡനിലെ അക്കാദമിയും സ്റ്റോക്ക് എക്സ്ചേഞ്ചും സ്ഥിതിചെയ്യുന്നതും പതിനെട്ടാം നൂറ്റാണ്ടിൽ അന്തസ്സോടെ കല്ലുകൊണ്ട് പണിതതുമായ കെട്ടിടത്തിൽ, ക്യാമറകളുടെയും പത്രലേഖകരുടെയും മുമ്പിൽ സ്വീഡിഷ് അക്കാദമിയുടെ സെക്രട്ടറിയായ ലാർസ്ഗില്ലെൻ സ്റ്റെൻ വന്നു നില്ക്കുന്നു. മൃദുവായി സംസാരിക്കുന്ന, കൃശഗാത്രനായ, ഒരു പ്രൊഫസ്സറാണ് ഗില്ലെൻ സ്റ്റെൻ. ഏറ്റവുമൊടുവിൽ സാഹിത്യത്തിനുള്ള നോബൽസമ്മാനം നേടിയ വ്യക്തിയുടെ പേർ ഗില്ലെൻ സ്റ്റെൻ പ്രഖ്യാപിക്കുന്നു. സമ്മാനം ആ വ്യക്തിക്കു നല്കാൻ അക്കാദമി കണ്ട കാരണങ്ങൾ ഒരു വാക്യത്തിൽ ചുരുക്കി പ്രസ്താവിച്ച ശേഷം അദ്ദേഹം തന്റെ ആപ്പീസിലേക്കു മടങ്ങിപ്പോവുകയുംചെയ്യുന്നു. ഈ പ്രഖ്യാപനം ലോകപത്രങ്ങളിൽ ഒന്നാം പേജിലെ വാർത്തയാണ്. പക്ഷേ, കഴിഞ്ഞ ആണ്ടിൽ ചെക്കോസ്ലോവാക്യയിലെ യാരോസ്ലാവ് സൈഫർട്ടിനു സമ്മാനം പ്രഖ്യാപിക്കപ്പെട്ടപ്പോൾ ഉണ്ടായ അതേ ആദ്യപ്രതികരണമാണ് ഈ പ്രഖ്യാപനം. പ്രതീക്ഷിക്കാവുന്നതിനേക്കാളേറെ പ്രാവശ്യം, ഉണ്ടാക്കിപ്പോന്നിട്ടുള്ളത്. 'ആരാണ് ഈ വിദ്വാൻ?' (ന്യൂസ്‌വീക്ക്, ഒക്ടോബർ 7, 1985).

ഈ ആണ്ടിലും ഒക്ടോബർ 17-ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്ക് ഒരു മണിക്ക് സാഹിത്യത്തിനുള്ള നോബൽസമ്മാനം സ്വീഡിഷ് അക്കാദമി പ്രഖ്യാപിച്ചു. ഫ്രാൻസിലെ ഒരു നോവലിസ്റ്റായ ക്ലോഡ് സീമോങ് (CLAUDE SIMON) ആണ് ഇത്തവണ സമ്മാനം നേടിയ ഭാഗ്യവാൻ. 'ഭാഗ്യവാൻ എന്നു പറഞ്ഞത് ആലോചിക്കാതെയല്ല. രണ്ടുലക്ഷത്തിപ്പതിനായിരം ഡോളർ (മുപ്പതുലക്ഷത്തോളം രൂപ) ആണ് ഇക്കുറി ഈ സമ്മാനം നേടിയ വ്യക്തിക്കു പെട്ടെന്നുണ്ടാകുന്ന സാമ്പത്തികലാഭം; അന്താരാഷ്ട്രീയ പ്രശസ്തിയും അതുമൂലം പുസ്തകം വിറ്റ് റോയൽറ്റി വകയിൽ ഉണ്ടാകുന്ന സാമ്പത്തികവരുമാനം പുറമെയും. സ്വന്തം രാജ്യത്തുമാത്രം, അതും പരിമിതമായ ഒരു വൃത്തത്തിനുള്ളിൽ മാത്രം, ആദരിക്കപ്പെടുന്ന ഒരു ഗ്രന്ഥകാരൻ, നോബൽസമ്മാനിതനാകുന്നതോടെ, ഒരൊറ്റ രാത്രികൊണ്ട്, അന്താരാഷ്ട്രീയ കീർത്തിനേടുന്നു. 1978-ൽ ഇസ്സാക് ബാഷേവാസ് സിംഗർ എന്ന യഹൂദനായ എഴുത്തുകാരന്റെ 'ല്യൂബ്ലിനിലെ മാന്ത്രികൻ' എന്ന നോവലിന്റെ സ്വീഡിഷ് തർജമയുടെ നാലായിരം പ്രതികൾ അച്ചടിച്ചു. വളരെ കഷ്ടപ്പെട്ട് പ്രസാധകർ എഴുനൂറ് പ്രതികൾ വിറ്റു. പിന്നീടാണ് ആ ആണ്ടിലെ നോബൽസമ്മാനം സിംഗർക്കു ലഭിച്ചത്. ഫലമോ? അതേ പുസ്തകത്തിന്റെ ഒന്നരലക്ഷം പ്രതികൾ അടങ്ങിയ രണ്ടാം പതിപ്പ് ഉടൻ ഇറക്കേണ്ടിവന്നു! ഇത് സ്വീഡിഷ്പോലെയുള്ള, ചെറിയ, ഒരു ഭാഷയിലെ കഥയാണ്. നോബൽസമ്മാനം ഒരെഴുത്തുകാരന്റെ അനുവാചകമണ്ഡലത്തെ രാഷ്ട്രപരിധിയിൽനിന്നു മോചിപ്പിച്ച് അന്താരാഷ്ട്രപരിധിയിലെത്തിക്കുന്നു. അങ്ങനെ അയാൾ വിശ്വസാഹിത്യകാരനായിത്തീരുന്നു. അയാളുടെ കൃതികൾ വായിക്കാത്തതു തങ്ങളുടെ സാഹിത്യസംസ്കാരത്തിന്റെ അപൂർണതയായി ലോകമെങ്ങുമുള്ള വായനക്കാർ കരുതിത്തുടങ്ങുന്നു.

സീമോങ്ങിന്റെ നോവലുകൾ ഞാൻ വായിച്ചിട്ടില്ല; എന്റെ സാ

ഹിത്യസംസ്കാരം അതുനിമിത്തം അപൂർണവുമാണു്. സീമോങ്ങിന്റെ കൃതികളെപ്പററി മററുള്ളവർ പറഞ്ഞതു് ഉദ്ധരിക്കുകയേ ഇവിടെ ചെയ്യുന്നുള്ളു. 'കാലത്തെക്കുറിച്ചുള്ള അവബോധത്തോടും, കവിയുടെയും ചിത്രകാരന്റെയും സർഗശക്തിയോടുംകൂടി മാനുഷികാവസ്ഥയെ ചിത്രീകരിക്കുന്നവയാണു്, 1985 ഒക്ടോബർ 10-നു് എഴുപത്തിരണ്ടു വയസ്സു തികഞ്ഞ സീമോങ്ങിന്റെ നോവലുകൾ' എന്നു്, സമ്മാനം പ്രഖ്യാപിച്ച സ്വീഡിഷ് അക്കാദമിയുടെ സെക്രട്ടറി പ്രസ്താവിച്ചിട്ടുണ്ടു്. വിശപ്പും ദാഹവുംപോലെ അടിസ്ഥാനപരമാണു കലയ്ക്കും സാഹിത്യത്തിനും വേണ്ടിയുള്ള മനുഷ്യന്റെ തൃഷ്ണ എന്നു് സീമോങ് വിശ്വസിക്കുന്നുണ്ടത്രേ. പ്രപഞ്ചം പ്രവാഹസ്വരൂപവും അസ്ഥിരവും ദുഃഖമയവുമാണെന്നു് അദ്ദേഹം കരുതുന്നു. അഗ്രഗാമികളിൽ (അവാന്ത് ഗാർഡ്) ഒരാളായി കരുതപ്പെടുന്നുണ്ടെങ്കിലും നോവലിൽ ഒരു ഇതിവൃത്തം ആവശ്യമാണെന്ന വസ്തുത സീമോങ് നിഷേധിക്കുന്നില്ല.

സീമോങ്ങിനുതന്നെയോ ഈയാണ്ടിലെ സമ്മാനം നൽകപ്പെടേണ്ടിയിരുന്നതു്? നമുക്കു് അറിയാവുന്ന മററു ചില എഴുത്തുകാരുടെ കൃതികളുമായി താരതമ്യപ്പെടുത്തുമ്പോൾ സീമോങ്ങിന്റെ നോവലുകൾ എവിടെ നില്ക്കും? ഉദാഹരണത്തിനു്, തകഴിയുടെ നോവലുകളുമായി സീമോങ്ങിന്റെ കൃതികളെ താരതമ്യപ്പെടുത്തിയാൽ എങ്ങനെയിരിക്കും? കേരളത്തിൽ പിറന്ന മൂന്നു് എഴുത്തുകാരുടെ പേരുകൾ നോബൽസമ്മാനത്തിനു പരിഗണിക്കപ്പെടുന്നതായി കുറെമുമ്പു് പത്രവാർത്തകളുണ്ടായിരുന്നു. തകഴി, ബഷീർ, മാധവിക്കുട്ടി എന്നിവരാണു് ഈ എഴുത്തുകാർ. വാർത്തകൾ വന്നതു മലയാളപത്രങ്ങളിലാണു്. സമ്മാനത്തിനു് ഏതു് എഴുത്തുകാരന്റെ പേരും സ്വീഡിഷ് അക്കാദമിക്കു മുന്നിൽ ആർക്കും സമർപ്പിക്കാവുന്നതേയുള്ളു. വേണ്ടത്ര പിൻബലമുണ്ടെങ്കിൽ, നിർദേശിക്കപ്പെട്ട എഴുത്തുകാരന്റെ പേരു് അക്കാദമിയുടെ പ്രാഥമികലിസ്റ്റിൽപ്പെടുന്നു. നാനൂറോളം എഴുത്തുകാരുടെ പേരുകൾ ഇപ്പോൾ ഈ പ്രാഥമികലിസ്റ്റിൽ നിലവിലുണ്ടത്രേ. അക്കാദമിയുടെ ഒരു അഞ്ചംഗസമിതി ഈ ലിസ്റ്റിൽ നിന്നു്, അഞ്ചു പേരുകൾ അടങ്ങിയ ഒരു 'ചെറുലിസ്റ്റ്' തയ്യാറാക്കുന്നു. അക്കാദമി അംഗങ്ങൾ വ്യാഴാഴ്ചതോറും വൈകുന്നേരം നാലുമണിക്കു മുടങ്ങാതെ സമ്മേളിക്കുകയും, ആ ആഴ്ചയിൽ പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ പരിശോധിച്ചു ലിസ്റ്റിൽനിന്നു ചില പേരുകൾ വെട്ടിക്കളയുകയും മററു ചില പേരുകൾ ചേർക്കുകയുംചെയ്യുന്നു. ഇതൊരു നിരന്തരപ്രക്രിയയാണു്. പിന്നീടു്, ഔപചാരികമായ ഒരു അത്താഴവിരുന്നിൽവെച്ചു് ഓരോ അംഗവും തനിക്കു പ്രിയപ്പെട്ട എഴുത്തുകാരനുവേണ്ടി വാദിക്കുന്നു. പല എഴുത്തുകാരുടെയും പേരുകൾ വർഷങ്ങളോളം ലിസ്റ്റിൽ ഉണ്ടാവും; എല്ലാ ഒക്ടോബറിലും ചർച്ചാവിഷയമാവുകയുംചെയ്യും. കഴിഞ്ഞ ആണ്ടിൽ സമ്മാനം നേടിയ സൈഫർട്ടിന്റെ പേരു് പത്തു വർഷങ്ങളായി മുടങ്ങാതെ ചർച്ചാവിഷയമായിക്കൊണ്ടിരുന്നതാണത്രേ.

ഈ ആണ്ടിൽ, ഏതായാലും, പ്രതീക്ഷിക്കപ്പെട്ടിരുന്നതു് ആഫ്രിക്കയിലെ കറുത്ത വർഗക്കാരിൽപ്പെട്ട ഒരെഴുത്തുകാരനു സാഹിത്യത്തിനുള്ള നോബൽസമ്മാനം നൽകപ്പെടുമെന്നാണു്. നൈജീരിയയിലെ വോൾ സോയിൻക, സെനെഗലിലെ മുൻ പ്രസിഡണ്ടും 'ആശാൻ സമ്മാനം' നൽകപ്പെട്ട കവിയെന്ന നിലയിൽ കേരളീയർക്കു പരിചിതനുമായ ലിയോപ്പോൾഡ് സേ ഡാർ സെൻഘോർ എന്നിവരുടെ പേരുകൾ ഈ സന്ദർഭത്തിൽ പറഞ്ഞുകേട്ടിരുന്നു. തെക്കേ ആഫ്രിക്കയിലെ വെളുത്ത എഴുത്തുകാരനായ നാഡൈൻ ഗോർഡിമർ, മെക്സിക്കോവിലെ കാർലോസ് ഫ്വെൻടെസ്, പെറുവിലെ മാരിയോവർഗാസ്ല്യോസ, ഈജിപ്തിലെ യൂസുഫ് ഇദ്രിസ്, ചൈനയിലെ റൂസിവാൻ എന്നിവരുടെ പേരു

കൾ, സമ്മാനിതനായി ഒടുവിൽ പ്രഖ്യാപിക്കപ്പെട്ട സീമോങ്ങിന്റെ പേരിനോടൊപ്പം, അവസാനലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്നാണ് 'അറിവുള്ള വൃത്തങ്ങൾ' പ്രസ്താവിച്ചിരുന്നത്. കേരളത്തിലെ എഴുത്തുകാരിൽ ആരുടെയെങ്കിലും പേരു് ചെറുലിസ്റ്റിൽ കടന്നുകൂടിയിരുന്നതായി ഈ 'വൃത്തങ്ങൾ' പറയുകയുണ്ടായില്ല. വലിയ ലിസ്റ്റിൽ അവ കടന്നുകൂടിയിട്ടുണ്ടോ എന്നു് അറിഞ്ഞുകൂടാ.

നോബൽസമ്മാനം നൽകുന്ന സ്വീഡിഷ് അക്കാദമിയിൽ പതിനെട്ടു് അംഗങ്ങളാണുള്ളതു്. സ്വീഡനിലെ രാജാവിന്റെ മാർഷൽ (രാജകുടുംബത്തിലെ നിയമ–ഉദ്യോഗസ്ഥൻ) ആയിരിക്കണം ഒരു അംഗമെന്നു് അക്കാദമിയുടെ ഭരണഘടന അനുശാസിക്കുന്നു. അക്കാദമിയിലെ മറ്റു് പതിനേഴു് അംഗങ്ങളിൽ ആരുടെയെങ്കിലും സ്ഥാനം ഒഴിവുവരുമ്പോൾ, നിലവിലുള്ള അംഗങ്ങൾ ചേർന്നു് ഒരാളെ തെരഞ്ഞെടുത്തു് ആ ഒഴിവു നികത്തുന്നു. (കേരളസാഹിത്യ അക്കാദമി നിലവിൽ വന്നപ്പോൾ, ഏകദേശം ഇതേരൂപത്തിലുള്ള ഒരു ഭരണഘടന, ഞാൻകൂടി അംഗമായിരുന്ന ഒരു ഉപസമിതി അക്കാദമിക്കുവേണ്ടി തയ്യാറാക്കുകയും അക്കാദമി അതു് ഗവണ്മെൻറിനു സമർപ്പിക്കുകയുമുണ്ടായി. ഈ ഭരണഘടന കേരള ഗവണ്മെൻറ് തള്ളിക്കളഞ്ഞതിൽ പ്രതിഷേധിച്ചാണു്, കേരള സാഹിത്യ അക്കാദമിയുടെ ആദ്യത്തെ അദ്ധ്യക്ഷനായിരുന്ന സർദാർ കെ. എം. പണിക്കർ അദ്ധ്യക്ഷസ്ഥാനം രാജിവെച്ചതു്.) സ്വീഡിഷ് അക്കാദമിയിൽ അംഗത്വം നേടാൻ ശ്രമിക്കുന്നവരെ, ആ കാരണംകൊണ്ടുതന്നെ, ആയുഷ്കാലം മുഴുവൻ അംഗത്വത്തിനു് അനർഹരാക്കുന്നു. കൂടുതൽ വിപ്ലവകാരികളോ, കൂടുതൽ ജനപ്രിയരോ, രാഷ്ട്രീയവാദപ്രതിവാദങ്ങൾക്കു വിധേയരോ ആയ എഴുത്തുകാരെ, സാധാരണഗതിയിൽ, സ്വീഡിഷ് അക്കാദമിയിൽ അംഗങ്ങളാക്കാറില്ല. സ്വീഡനിലെ പ്രസിദ്ധരായ എഴുത്തുകാരിൽ പലരും അക്കാദമി അംഗങ്ങളല്ല 'കേന്ദ്രത്തിൽനിന്നു് അല്പം വലത്തോട്ടു ചാഞ്ഞു്' ആണു അക്കാദമി എപ്പോഴും നിലകൊണ്ടിട്ടുള്ളതു്.' പക്ഷേ, അക്കാദമിയിൽ ഇപ്പോൾ ഏററവും സ്വാധീനശക്തിയുള്ള അംഗമെന്നു കരുതപ്പെടുന്ന ആർതർ ലുണ്ഡ്ക്വിസ്റ്റ് ഇടതുപക്ഷക്കാരനാണു്; സോവിയററ് റഷ്യ നൽകുന്ന 'ലെനിൻ സമ്മാനം' നേടിയിട്ടുണ്ടു്. എഴുപത്തൊമ്പതു വയസ്സായ, കവിയും വിമർശകനുമായ, ലുണ്ഡ്ക്വിസ്റ്റാണു്, താരതമ്യേന പ്രസിദ്ധരല്ലാതിരുന്ന തെക്കേ അമേരിക്കയിലെയും യൂറോപ്പിലെയും പല എഴുത്തുകാരെയും നോബൽസമ്മാനത്തിന്റെ ഉമ്മറപ്പടി കടത്തി വിശ്വസാഹിത്യത്തിന്റെ വിശുദ്ധിവലയത്തിനകത്തു പ്രവേശിപ്പിച്ചതു് എന്നു പറയപ്പെടുന്നു. കമ്യൂണിസ്റ്റ് ആയിരുന്ന ചിലിയിലെ പാബ്ലോ നെരൂദയും (1971) കൊളംബിയയിലെ ഇടതുപക്ഷക്കാരനായ ഗേബ്രിയൽ ഗാർസിയ മാർകെസും (1982) നോബൽസമ്മാനം നേടിയതിനു മുഖ്യകാരണഭൂതൻ ലുണ്ഡ് ക്വിസ്റ്റ് ആണത്രെ.

എഴുത്തുകാരന്റെ രാഷ്ട്രീയമോ ജന്മദേശമോ നോബൽസമ്മാനത്തെ സ്വാധീനിക്കുന്നില്ലെന്നാണു് സ്വീഡിഷ് അക്കാദമി അവകാശപ്പെടുന്നതു്. രാഷ്ട്രീയം സ്വാധീനിക്കുന്നില്ലെങ്കിലും, 'അന്താരാഷ്ട്രീയകാലാവസ്ഥ' സമ്മാനത്തെ സ്വാധീനിക്കാറുണ്ടെന്നു് അക്കാദമിയും സമ്മതിക്കുന്നു. അക്കാദമിയുടെ സെക്രട്ടറി ഗില്ലെൻ സ്റ്റെൻ പറയുന്നു: 'സമ്മാനാർഹനായി ആരെ ഞങ്ങൾ തെരഞ്ഞെടുക്കുന്നു എന്നതിൽ, ഞങ്ങളുടെ രാഷ്ട്രീയവിശ്വാസങ്ങളും മുൻധാരണകളും അബോധതലത്തിൽ പ്രേരണ ചെലുത്തുന്നുണ്ടാവാം. എത്ര പ്രതിഭാശാലിയായാലും പരുക്കൻ ഫാസിസ്റ്റായ ഒരെഴുത്തുകാരനു് നോബൽസമ്മാനം ലഭിക്കുക പ്രയാസംതന്നെ.'

'ആദർശപ്രവണതയുള്ള ഏററവും മികച്ച' സാഹിത്യകൃതിക്കു്

ആണ്ടുതോറും സമ്മാനം നൽകണമെന്നതാണ് സ്വീഡിഷ് അക്കാദമിക്ക് നോബൽ നൽകിയ നിർദേശം. ഇതെത്രയും അവ്യക്തമാണെന്നു പറയേണ്ടതില്ല. ഇരുപതാം നൂററാണ്ടിന്റെ ആദ്യവർഷമായ 1901—ൽ, ഫ്രാൻസിലെ ഒരു ഇടത്തരം കവിയും ഉപന്യാസകാരനുമായ സള്ളി പ്രൂധോമിന് സാഹിത്യത്തിനുള്ള ആദ്യത്തെ നോബൽസമ്മാനം നൽകപ്പെട്ടു. ജെയിംസ് ജോയ്സ്, ജോസഫ് കോൺറാഡ്, ചെഖോവ്, ടോൾസ്റ്റോയ്, ഗോർക്കി, കാഫ്ക, പ്രൂസ്റ്റ് തുടങ്ങി പ്രസിദ്ധരായ പല എഴുത്തുകാർക്കും നോബൽസമ്മാനം ലഭിക്കുകയുണ്ടായില്ല. കൂടുതൽ അർഹതയുള്ളവർക്കു നൽകപ്പെട്ടില്ല എന്നല്ലാതെ, തികച്ചും അനർഹർക്കു നൽകപ്പെട്ടു എന്ന് നോബൽസമ്മാനത്തെപ്പററി പരാതി ഏതായാലും ഉയർന്നിട്ടില്ല. സമ്മാനം നൽകുന്നതിനുള്ള ഉപാധി ഗ്രന്ഥകാരന്റെ പ്രശസ്തിയും കൃതികളുടെ പ്രചാരവും ആയിക്കൂടാ എന്ന് അക്കാദമി സെക്രട്ടറി ഗില്ലെൻ സ്റ്റെൻ പറയുന്നതിനോട് യോജിക്കാത്തവർ കുറവായിരിക്കും. 'സാഹിത്യത്തിന്റെ അന്താരാഷ്ട്രീയ—സൂപ്പർമാർക്കററുകളിൽ, പലപ്പോഴും ടൂത്ത്പേയ്സ്റ്റ് പോലെയാണ് ഗ്രന്ഥകാരന്മാർ വിററഴിയുന്നതു്' എന്ന് അദ്ദേഹം പ്രസ്താവിച്ചതിൽ കാര്യമുണ്ട്. പരസ്യംകൊണ്ട് പ്രശസ്തിനേടാൻ ചില പ്രത്യേക സാഹചര്യങ്ങളിൽ വെറും മൂന്നാംകിടക്കാർക്കും കഴിയും. ഉപരിപ്ലവമായ വായനക്കു വഴങ്ങാത്ത, അപ്രശസ്തരായ, സ്വന്തം വഴി സ്വയം വെട്ടിയുണ്ടാക്കിയ എഴുത്തുകാരോടാണ് സ്വീഡിഷ് അക്കാദമി ഈയിടെയായി ആഭിമുഖ്യംപുലർത്തുന്നതു് എങ്കിൽ, പതിനെട്ട് അക്കാദമിയംഗങ്ങളെയും അക്കാര്യത്തിൽ അഭിനന്ദിക്കുകയത്രേ നാം ചെയ്യേണ്ടതു്.

18—10—1985

# 24. വിവാഹവും കുടുംബവും

ശരീയത്ത് സംബന്ധിച്ച് ഇന്ത്യയിൽ ഇന്നു നടക്കുന്ന വാദപ്രതിവാദങ്ങൾ, കുടുംബഘടനയെയും അതു രൂപപ്പെടുത്തുന്നതിൽ വിവാഹത്തിനുള്ള സ്ഥാനത്തെയുംപററി ആഴത്തിൽ ചിന്തിക്കാൻ നമ്മെ പ്രേരിപ്പിക്കേണ്ടതാണ്.

പല തലങ്ങളിൽ സംഘടിപ്പിക്കപ്പെട്ടതാണ് മനുഷ്യസമൂഹം. അതിന്റെ ഏററവും വിസ്തൃതമായ തലത്തിലുള്ള സംഘടന രാഷ്ട്രമാകുന്നു; ഏററവും സീമിതമായ തലത്തിലുള്ള സംഘടന കുടുംബവും. സമൂഹഘടനയുടെ പ്രാഥമികഘടകമത്രേ കുടുംബം.

മനുഷ്യശിശുക്കൾക്കു് ദീർഘകാലത്തെ സംരക്ഷണം ആവശ്യമുണ്ട്. നീണ്ടുപോയേക്കാവുന്ന വാദ്ധക്യത്തിലും മനുഷ്യർക്കു സംരക്ഷണം കൂടിയേ കഴിയൂ. ശിശുക്കൾക്കും വൃദ്ധർക്കും സംരക്ഷണം ലഭ്യമാകുന്നതു് കുടുംബമെന്ന സംഘടനയിലൂടെയാകുന്നു. ഭൗതികമായ സംരക്ഷണത്തിനു പുറമെ, എല്ലാ മനുഷ്യവ്യക്തികൾക്കും ആവശ്യമായ മാനസിക (വൈകാരിക) സംരക്ഷണം നൽകുന്നതും കുടുംബംതന്നെ. കുടുംബാംഗങ്ങൾ പരസ്പരം നൽകുന്ന സ്നേഹമാണ് മനുഷ്യവ്യക്തികളുടെ മാനസികമായ ആരോഗ്യത്തിന്റെ മുഖ്യമായ ഉറവിടം. സമൂഹത്തിൽ അടിസ്ഥാനപരമായ സാമ്പത്തികഘടകവും കുടുംബമത്രേ.

കുടുംബഘടനയുടെ ആധാരം ജനനമോ വിവാഹമോ ആകാം. ജനനത്തെ ആസ്പദിച്ചുള്ള കുടുംബഘടനയാണ് മരുമക്കത്തായം. മരുമക്ക